STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.253/PR/SPMC/PHQ/2021 Date :19.06.2021

## രണ്ടാം കോവിഡ് വ്യാപനം തടയുന്നതിൽ പോലീസിന്റെ പങ്ക് സ്തുത്യർഹം : മുഖ്യമന്ത്രി

കോവിഡിന്റെ രണ്ടാം വ്യാപനം തടയുന്നതിനുള്ള ശ്രമങ്ങളിൽ പോലീസ് വഹിച്ച പങ്ക് സ്തുത്യർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജന സേവനത്തിൽ പോലീസിന്റെ പുതിയ മുഖമാണ് ഈ കാലഘട്ടത്തിൽ കേരളം കണ്ട തെന്ന് അദ്ദേഹം പറഞ്ഞു. ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ, കൺട്രോൾ റൂം, അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് എന്നിവയ്ക്കായി നിർമ്മിച്ച പുതിയ കെട്ടിട ത്തിന്റെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ ബുധനാഴ്ചകളിലും പരാതിക്കാരെ വീഡിയോ കോൺഫറൻസ് വഴി നേരിട്ട് കണ്ട് പരാതി സ്വീകരിക്കാൻ ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നിർദ്ദേശം നൽകിയതായി മുഖ്യമന്ത്രി അറിയിച്ചു. ഇത്തരം ആധുനിക സംവിധാനങ്ങൾ മറ്റ് പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പി ക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ നിർമ്മിക്കാൻ സ്ഥലം വിട്ടു നല്കിയ ഗുരുവായൂർ ദേവസ്വം ബോർഡ്, അനുമതി നൽകിയ ഹൈക്കോടതി എന്നിവയ്ക്ക് മുഖ്യമന്ത്രി നന്ദി രേഖപ്പെടുത്തി. മുൻ എം.എൽ.എ കെ.വി അബ്ദുൾ ഖാദറിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള 99 ലക്ഷം രൂപയടക്കം 3.24 കോടി രൂപ ചെല വിലാണ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. 378.78 ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിലുള്ള കെട്ടിടത്തിൽ എല്ലാവിധ ആധുനിക സൗകര്യങ്ങളും ഒരുക്കി യിട്ടുണ്ട്. തൃശൂർ ജില്ലാ ലേബർ കോൺട്രാക്റ്റിംഗ് സഹകരണ സംഘമാണ് കെട്ടിട ത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയത്.

മന്ത്രി കെ.രാധാകൃഷ്ണൻ, ജനപ്രതിനിധികൾ, ദേവസ്വം ബോർഡ് ഭാരവാഹികൾ, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

****************************